"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പുലിയൂർ ഗ്രാമപഞ്ചായത്തിലെ ചിറയിൽപ്പടി മായിക്കൽപ്പടി റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.150/2026/F&P തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.343/2025/F&P തീയതി, 23/05/2025
2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30/01/2026-ലെ HECE/121/2026-D3നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പുലിയൂർ ഗ്രാമപഞ്ചായത്തിലെ ചിറയിൽപ്പടി മായിക്കൽപ്പടി എന്ന റോഡിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പ്രസ്തുത റോഡ് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് 45.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സാങ്കേതികാനുമതി നൽകിയിട്ടുള്ളതാണെന്നും, പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ, പ്രവൃത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിക്കൊള്ളാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ, മേൽ റോഡിന് നൽകിയ ഭരണാനുമതി റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പുലിയൂർ ഗ്രാമപഞ്ചായത്തിലെ ചിറയിൽപ്പടി മായിക്കൽപ്പടി റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAMEER KUMAR O J

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (സി2/44/2026/മതുവ ഫയൽ പ്രകാരം)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 23-02-2026 15:09:01